# GOVT.HSS FOR GIRLS MAVELIKARA

# കൈത്തിരി 2

## ( 2019 - 2020)



**A Little KITEs Publication**

# എഡിറ്ററുടെ തൂലികയിൽ നിന്നും.....



"ഒരു കുട്ടിക്ക്,ഒരു ഗുരുവിനു, ഒരു തൂലികക്ക്, ഒരു ഗ്രന്ഥത്തിന് ഈ ലോകത്തിൽ പരിവർത്തനങ്ങൾ വരുത്താൻ കഴിയും."

മലാലയുടെ ഈ വാക്കുകൾ വെറും വീൺ വാക്കുകളല്ല. അതിദ്രുതം മാറിക്കൊണ്ടിരിക്കുന്ന ഇന്നത്തെ സമൂഹത്തിൽ ഈ വാക്കുകൾ അതീവ പ്രാധാന്യം അർഹിക്കുന്നു. വാക്കുകൾ അഗ്നിയാണ്. അജ്ഞാന അന്ധകാരത്തെ തുടച്ചുനീക്കി അറിവിന്റെ ലോകത്തെ കീഴടക്കാൻ ഈ അഗ്നി മാത്രമേ ഉതകുകയുള്ളൂ.

വിദ്യാലയ മുത്തശ്ശിയായ മാവേലിക്കര ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ഐടി കൂട്ടായ്മ ഈ വർഷവും നിങ്ങൾക്കു മുൻപിൽ സമർപ്പിക്കുന്നു, "കൈത്തിരി" ഡിജിറ്റൽ മാഗസിൻ. അതേ, ഗുരുദക്ഷിണയായി അർപ്പിക്കുന്ന ഞങ്ങളുടെ ഉദ്യമമായ ഈ വാണിദീപം ഇത്തിരി വെട്ടം ഏവർക്കും പകരട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു. ഇതിനു പിന്നിൽ പ്രവർത്തിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളോടും സൃഷ്ടികൾ സമർപ്പിച്ച വിദ്യാർത്ഥിനികളോടും അദ്ധ്യാപകരോടും മാർഗനിർദ്ദേശം നൽകിയ പ്രസാദ് സാറിനോടും ആശ ടീച്ചറിനോടും ഞങ്ങൾ കൃതജ്ഞത രേഖപ്പെടുത്തുന്നു.

ഞങ്ങളുടെ പ്രവർത്തനങ്ങൾക്കെല്ലാം ചുക്കാൻ പിടിക്കുകയും ഞങ്ങൾക്ക് വേണ്ട ഉപദേശങ്ങൾ നൽകി എപ്പോഴും കൂടെ നിൽക്കുകയും ചെയ്യു ഞങ്ങളുടെ പ്രിയപ്പെട്ട ഹെഡ്മാസ്റ്റർ ശ്രീ ജയിംസ് പോൾ സാറിനോടുള്ള അകൈതവമായ നന്ദി രേഖപ്പെടുത്താൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു. ഈ "കൈത്തിരി" നിങ്ങളുടെ ഉള്ളിൽ ആനന്ദ ത്തിന്റെ പ്രകാശം ഒരു തരി എങ്കിലും കൊളുത്തും എന്ന്

ഇതാ, ഞങ്ങളുടെ കൈത്തിരി.

എൽഷെബ ആൻ ബിനു
എഡിറ്റർ

# *THE ANT AND THE GRASSHOPPER*

**Aparna Ajikumar, 5 A**

**In the summer the grasshopper was content to play music and sit in the sun; The ant kept scurrying past carrying grains of wheat. It looked tired. "Why are you running around in this wheats?" the grasshopper asked to the ant. I am preparing for winter, when there will be less food, and so should you! He replied. The grasshopper ignored the advice of the ant. He was enjoying the sunshine far too much to start collecting food for the winter. So it lay on the warm grass and began to play its music again.**



**In the winter the grass was old and frosty and the wind howled across the fields. The ant was happy in its home because its larder was full of corn and wheat, it knew that it had enough food to last the entire winter. The grasshopper was started to get hungry. It was too cold for the grass outside to grow and it had no food. It knew that the ant would have some food, so it went out into the cold wind and walked into the ant's house. Please may I have some food? The grasshopper begged .**

**The ant was angry because it worked very hard to collect enough food for the long winter months ahead. If you hadn't been so lazy and had prepared for the winter like I suggested , you wouldn't be hungry now. I don't have any extra food for you. The ant went back to it warm tree and stocked in the cupboards. Leavingthe lazy grasshopper out in the cold.**

****************************

യാത്രാവിവരണം

# മധുര എന്ന മഹാത്ഭുതം



**ഹൃദ്യ.എച്ച്. 5 എ**

മധുരയേയും മധുര മീനാക്ഷിയേയും കുറിച്ച് കേൾക്കാത്തവർ ഉണ്ടാകില്ല. ഞാനും കേട്ടിട്ടേ ഉണ്ടായിരുന്നുള്ളു ഇക്കഴിഞ്ഞ ദിവസം അവിടെ സന്ദർശിക്കാനുള്ള അവസരം എനിക്ക് കിട്ടി.

ഞാനും സഹോദരിയും അമ്മയോടും അച്ഛനോടുമൊപ്പം ഇടുക്കിയിലെ ഞങ്ങളുടെ വീട്ടിൽ നിന്ന് വെളുപ്പിനെ നാല് മണിയോടു കൂടി മധുരയിലേക്ക് പുറപ്പെട്ടു.അച്ഛനോടും അമ്മയോടും ചോദിച്ചറിഞ്ഞ കാര്യങ്ങൾ മാത്രമേ മധുരയേക്കുറിച്ച് എനിക്ക് അറിയാമായിരുന്നുള്ളു. അതിനെ ക്കുറിച്ച് ചിന്തിച്ച് കൊണ്ട് ഇടുക്കിയിലെ പച്ചപ്പിൽ തണുപ്പോടുകൂടിയ ആ സമയത്ത് കാറിലിരുന്ന് ഞാൻ ഒന്നു മയങ്ങി.

അമ്മ വിളിച്ചുണർത്തിയപ്പോഴാണ് ഞാൻ ഉണർന്നത്. വഴിയോരം നിറയെ പുളിമരങ്ങൾ പിന്നെ തെങ്ങും തോപ്പുകൾ മുന്തിരി തോട്ടങ്ങൾ ദൂരെ മലനിരകൾ അങ്ങനെ പ്രകൃതി നിറഞ്ഞ് നിന്നു. സൈക്കിൾ റിക്ഷ ,കാളവണ്ടി ,കുതിരവണ്ടി ,കന്നുകാലികളുടെ നീണ്ട നിര അങ്ങനെ നമ്മുടെ നാട്ടിൽ കാണാത്ത ഒട്ടേറെ വഴിയോര കാഴ്ച്ചകൾ.

ഞങ്ങൾ മധുരയോടടുത്തു. ഒരു പാലത്തിലൂടെ കടന്നു പോയി താഴെ ഒരു മണൽപ്പരപ്പ് അവിടെ കൂടാരം കെട്ടി മനുഷ്യർ പാർക്കുന്നു. അത് വൈഗൈ നദിയാണെന്ന് അച്ഛൻ പറഞ്ഞപ്പോൾ അതിശയം ആയി ഈജിപ്റ്റിന് നൈൽ പോലെ സിന്ധു നദീതട സംസ്കാരം പോലെ മധുരയ്ക്ക് വൈഗൈ നദിയിലൊരു അണക്കെട്ടുണ്ട് അതാണ് വെള്ളമില്ലാതെ വരാൻ കാരണം. അണക്കെട്ടിലെ വെള്ളം മധുരയുൾപ്പെടെ വിവിധ സ്ഥലങ്ങളിൽ കുടിവെള്ളമായി ഉപയോഗിക്കുന്നു.

ഏകദേശം 8 മണിയോടുകൂടി ഞങ്ങൾ മധുരമീനാക്ഷി ക്ഷേത്രത്തിലെത്തി. ചുറ്റമതലും നാല് ദിക്കിലും വലിയ ഗോപുരങ്ങളോടുകൂടി നടുക്കായി മധുരമീനാക്ഷി ക്ഷേത്രം. ബി സി പന്ത്രണ്ടാം നൂറ്റാണ്ടിൽ തിരുമല നായ്ക്കൽ എന്ന രാജാവ് പണി കഴിപ്പിച്ച അത്ഭുതം പൂർണ്ണമായും കല്ലിൽ നിർമ്മിച്ച ശിൽപ്പങ്ങൾ സ്തൂപങ്ങൾ ചിത്രത്തൂണുകൾ എല്ലാം എനിക്ക് അത്ഭുതമായി കൂടാതെ ആയിരം കാൽ മണ്ഡപവും അവിടെ സൂക്ഷിച്ചിരിക്കുന്ന പരാതന നാണയങ്ങളും വിഗ്രഹങ്ങളും കൊത്ത്പണികളും തീർച്ചയായും എല്ലാവരും കണ്ടിരിക്കേണ്ട ഒരു അത്ഭുത നിർമ്മിതിയാണ് മധുരമീനാക്ഷി ക്ഷേത്രം എന്നാണ് എന്റെ അഭിപ്രായം.

.............................................................

യാത്രാവിവരണം

# ലുലുമാളിൽ

Krishna BS ,7 B

ഞാനും എന്റെ അമ്മയും അച്ഛനും അനിയത്തിയും കഴിഞ്ഞ വർഷം ലുലുമാളിൽ പോയി. ആദ്യമായിട്ടായിരുന്നു ഞാൻ ലുലുമാളിൽ പോയത്. വീതിയേറിയ റോഡ്, തലങ്ങും വിലങ്ങും പായുന്ന വാഹനങ്ങൾ, ഇരുവശത്തും കൂറ്റൻ കെട്ടിടങ്ങൾ, കാൽനടക്കാരും വാഹനങ്ങളും .ആകെ ഒരു ബഹളമയം. തിരക്കിലൂടെ ഞങ്ങളുടെ കാർ മുന്നോട്ട് നീങ്ങി. അങ്ങനെ ഞങ്ങൾ ലുലുമാളിൽ എത്തി. എല്ലാവരേയും ആകർഷിക്കുന്ന തരത്തിലുള്ള കാഴ്ചകളായിരുന്നു അവിടെ ഉണ്ടായിരുന്നത്. എസ്കലേറ്ററിൽ കയറാൻ എനിക്ക് പേടിയായിരുന്നു. അച്ഛന്റെ സഹായത്തോടെയാണ് ഞാൻ അതിൽ കയറിയത്. പിന്നീട് എനിക്ക് വീണ്ടും അതിൽ കയറാൻ ആഗ്രഹമുണ്ടായിരുന്നു. ഞങ്ങൾ എല്ലാവരും ഐസ്ക്രീം വാങ്ങിച്ചു കഴിച്ചു. മെഴുകുപ്രതിമയുടെ പ്രദർശന ഹാളിലേക്കാണ് പിന്നെ പോയത്. അത് എന്നെ അത്ഭുതപ്പെടുത്തി. ജീവനുണ്ടെന്ന് തോന്നിക്കുന്ന പ്രതിമകളായിരുന്നു അവ. എനിക്ക് ഉള്ളിൽ ഭയമുണ്ടായിരുന്നു. ആ പ്രതിമകളോടൊപ്പം നിന്ന് ധാരാളം ഫോട്ടോകൾ എടുത്തു. ഈ യാത്ര എന്റെ മനസ്സിലെ ഒരിക്കലും മായാത്ത അനുഭവമാണ്.

.................................................................................................

## Best Friends *Ligina 7B*



Fight for you

Respect you

Include you

Encourage you

Need you


Deserve you

Stand by you

..............................

## Rose

**Malavika Ajith 5 A**




Oh Queen of all flowers !

You are lovely and surest smelling

Your buds are dressed in grass

Inside you have a ruby red mouth

Which is always smiling and cheering

Oh Queen of all flowers !

When your buds open?

All the petals stand in a row

Like soldiers on a march



************************

# Our Country

Avanthika Lekshmi A
7 A



Goa for beauty

Delhi for majesty
Bengal for writers
Punjab for fighters
Bihar for mines
Sikkam for rain
Kashmir for lakes
Himachal for Apple
Nagaland for hills
Haryana for mills
Karnataka for silk
Uttar Pradesh for milk
Andhra for rice
Arunachal forNature
Tamil madura for Culture
Kerala for Spice

.

.........................................

# THE FLOW





**Daya Davidson**
**7 A**

**A breeze comes to graze**

**on the garden's gaudy face**

**The breeze nods to the bees**

**for the flowers he is a tease**

**he plucks old leaves with ease**

**when he leaves there is peace**

**there is a movement of graze**

**and the garden has a new face**

. ........................................................

# Rainbows



Ahalya 5 A

Rainbows are really amazing,
They are marvellous
And we can use abundant,
words to describe it.

Rainbows have seven colours
They are the gift of God
The Earth is very fortunate
To receive these gifts



Easy way to put the colours,
In our mind is the word
VIBGYOR which includes,
All colours of rainbow

However it is an
Outstanding creation of God

...............................................

# കേരളം

ലിജിന 5 എ



മലയാളത്തിന് മധുരം കേരളം

മലയാളത്തിന് അഭിമാനം കേരളം

മലയാളത്തിന് നന്മ കേരളം

ഈശ്വരൻ തന്ന നിധിയെൻ കേരളം

നമ്മുടെ ഭാഗ്യ ദേശം കേരളം

......................................

# എന്റെ സ്വപ്നം

വൈഗ യു നമ്പൂതിരി

വാരിജാതം പൂത്തൊരാ രാവിൽ

ഞാനൊക നിശാശലഭമായി

നെൽവയൽ ചോലകൾ ആർത്തുല്ലസിച്ചപ്പോൾ

ഞാനൊരിളകും കളിവഞ്ചിയായി

ഒരു കുഞ്ഞിളം കാറ്റിൽ പറക്കയായ് ഞാനിന്നൊരു കുഞ്ഞിളം കാറ്റിൽ പറക്കയായ്

ഞാനിന്നൊരു കളിത്തുമായ്

ഏതോ. കിളിതൻ ചിറകിൽ നിന്നിറ്റു വീണോരു മൃദുലമാം പൊന്മണിത്തൂവൽ പോലെ

കണ്ണനെറെ ഓടക്കുഴൽ വിളി കേട്ടപ്പോൾ ഞാനൊരു

തരളിത വൃന്ദാവനമായ് മാറി

എന്റെ ഗ്രാമത്തിലെ കിളികൾ പാട്ടുമ്പോൾ

ഞാനൊരു തംബുരു നാദമായി

ഇനിയും തളിർക്കുമെൻ സ്വപ്നങ്ങൾ

ഇനിയും പൂക്കുമെൻ സ്വപ്നങ്ങൾ

ഈ സുന്ദര സ്വപ്നമെൻ ജീവിത

പാത തൻ വക്കിലെ പൊൻ പ്രകാശം

............................................................

# പ്രാർത്ഥന

ഡേർണി ഉമ്മൻ,HST

അനുപമ സ്നേഹചൈതന്യമേ

പാരിൽ പ്രകാശിക്കും ദീപമേ

ഞങ്ങളിലെന്നും നിറയേണമേ

ഞങ്ങളെയെന്നും നിറയ്ക്കേണമേ.

അജ്ഞാനമാകും അന്ധത നീക്കി

വിജ്ഞാനമെന്നും പ്രാപിച്ചിടാൻ

സ്നേഹപ്രഭയിൽ മുങ്ങി ഞാനെന്നും

സ്നേഹവും സത്യവും നേടിടുവാൻ (അനുപമ )

ഇരുളിന്റെ വഴിയിൽ തിരിനാളമായ്

പ്രകാശിതമാകാൻ കാത്തീടണേ.

സ്വഭാവശുദ്ധിയോടെന്നും വളർന്ന്

നാടിനു സമ്പത്തായ് മാറീടുവാൻ (അനുപമ )

............................................................

# സംഗീത ത്രിമൂർത്തികൾ

ലക്ഷ്മി എസ് അജയ്

പുരാണത്തിലെ ത്രിമൂർത്തികളായ ബ്രഹ്മ -വിഷ്ണു - മഹേശ്വരൻ മാരെ പോലെ കർണ്ണാടക സംഗീതത്തിലും മൂർത്തികൾ മൂന്നു പേരുണ്ട്. ശ്രീ ത്യാഗരാജ സ്വാമികൾ,മുത്തുസ്വാമി ദീക്ഷിതർ, ശ്യാമാ ശാസ്ത്രികൾ എന്നിവരാണ്. കർണ്ണാടക സംഗീതത്തിലെ ത്രിമൂർത്തികൾ എന്ന് അറിയപ്പെടുന്നത്. കണ്ണാടക സംഗീതത്തിന്റെ ഭാവ - താള- രാഗങ്ങൾ ഇവരോരോരുത്തരുടെ കൃതികളിൽ നമുക്ക് ദർശിക്കാൻ കഴിയും. ത്യാഗരാജ സ്വാമികളുടെ കൃതികളിൽ ഭാവവും മുത്തുസ്വാമി ദീക്ഷിതരുടെ കൃതികളിൽ രാഗവും ശ്യാമ ശാസ്ത്രികളുടെ കൃതികളിൽ താളവുമാണ് മുഖ്യ ശക്തികൾ.

ത്യാഗരാജ സ്വാമികളുടെ കൃതികളെ മുന്തിരി രസത്തോടും ദീക്ഷിതരുടെ കൃതികളെ നാളികേര രസത്തോടും ശ്യാമാശാസ്ത്രികളുടെ കൃതികളെ കദ ളീ രസത്തോടുമാണ് വിദ്വാൻമാർ ഉപമിച്ചിരിക്കുന്നത്. മുന്തിരി രസം വളരെ വേഗത്തിൽ നമുക്ക് രുചിക്കുവാൻ കഴിയുന്നതു പോലെ ത്യാഗരാജ സ്വാമികളുടെ കൃതികൾ കേൾക്കുന്ന മാത്രിയൽ തന്നെ നമുക്ക് ആസ്വദിക്കാൻ സാധിക്കുന്നു. എന്നാൽ ദീക്ഷിതർ കൃതികളാകട്ടെ നാളികേരത്തിന്റെ തൊണ്ട് , ചിരട്ട , തേങ്ങ ഇവയെല്ലാം കളഞ്ഞ് നാളികേര രസം ആസ്വദിക്കുന്നതു പോലെ ദീക്ഷിതരുടെ കൃതികൾ പാടും തോറും പാടും തോറും മാത്രമേ അതിന്റെ ഭംഗി ആസ്വദിക്കുകയൊള്ളു. ശ്യാമാശാസ്ത്രികളുടെ കൃതികൾ കളീരസം രുചിക്കുന്നതു പോലെ അൽപ്പം ബുദ്ധിമുട്ടിയെങ്കിൽ മാത്രമേ ശാസ്ത്രികളുടെ കൃതികൾ ആസ്വദിക്കാൻ കഴിയുകയൊള്ളു

രാമായണ കാവ്യത്തിൽ എത്ര പദ്യങ്ങളുണ്ടോ അത്രയും ഗാനങ്ങൾ ത്യാഗരാജ സ്വമികൾ പാടിയിട്ടുള്ളതായി വിശ്വസിക്കപ്പെടുന്നു.

..........................................................................

# കൗമാരവും പ്രണയവും പിന്നെ ലൈംഗികതയും

ഇന്ദു രവീന്ദ്രൻ

**School counsellor:**

പ്രണയം തെറ്റോ ശരിയോ ? ഈ ചോദ്യത്തിനു നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. ഉത്തരം കിട്ടാത്ത ഒരു പ്രഹേളികയായി ഇന്നും അത് തുടർന്നു കൊണ്ടേയിരിക്കുന്നു. എന്നിരുന്നാലും കൗമാരക്കാരിലെ പ്രണയം എന്ന ചോദ്യത്തിന് നമ്മൾ ജീവിക്കുന്ന സമൂഹത്തിന് ഒരു ഉത്തരം മാത്രം - തെറ്റ് ആ വലിയ തെറ്റിന്റെ പിന്നാമ്പുറങ്ങൾ ആരും തേടിപ്പോകാറില്ല എന്നതും മറ്റൊരു സത്യം.

ബാല്യത്തിന്റെയും യൗവനത്തിന്റെയും ഇടവേളയാണ് കൗമാരം.ശാരീരികവും വൈകാരികവും മാനസികവുമായ നിരവധി മാറ്റങ്ങൾ നിറഞ്ഞതാണ് ഈ ഇടവേള. ജീവിതത്തിന്റെ വസന്ത കാലഘട്ടമായി കൗമാരത്തെ വിശേഷിപ്പിക്കാമെങ്കിലും പ്രശ്നങ്ങളുടെയും പിരിമുറുക്കങ്ങളുടെയും തെറ്റുകളുടെയും കൂടി കൂടി കാലമാണിത്.

സ്നേഹിക്കാനും സ്നേഹിക്കപ്പെടാനുള്ള തീവ്രമായ ആഗ്രഹമാണ് കൗമാര പ്രണയത്തിന്റെ അടിസ്ഥാന കാരണം. വീട്ടിലെ മോശമായ അന്തരീക്ഷം നയിക്കുന്ന പ്രണയബന്ധങ്ങളും വിരളമല്ല. മദ്യപിച്ച് പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന അച്ഛൻ, ജോലിത്തിരക്കിൽ കുട്ടികളെ ശ്രദ്ധിക്കാൻ മറക്കുന്ന മാതാപിതാക്കൾ,അമിതമായ ശിക്ഷണ നടപടികൾ സ്വീകരിക്കുന്ന മാതാപിതാക്കൾ, മറ്റു ബന്ധങ്ങളിൽ താല്പര്യമുള്ള മാതാപിതാക്കൾ, സഹോദരങ്ങളോട് സ്നേഹമുണ്ടെന്നും തന്നോട് സ്നേഹമില്ല എന്നുമുള്ള തോന്നൽ - ഇവയെല്ലാം കൗമാര പ്രണയത്തിനു സാഹചര്യങ്ങൾ ഒരുക്കുന്നു .

കൗമാരത്തിൽ ഹോർമോണുകളുടെ പ്രവർത്തനഫലമായി ശരീര വളർച്ചയുണ്ടാവുന്ന തിനൊപ്പം ലൈംഗിക താല്പര്യങ്ങളും ഉടലെടുക്കുന്നു. ഉണ്ടാകാനിടയുള്ള പ്രശ്നങ്ങളെക്കുറിച്ച് ചിന്തിക്കാതെ അല്ലെങ്കിൽ ബോധവാൻമാരാവതെ പല ലൈംഗിക പരീക്ഷണങ്ങളിലേക്കും

കൗമാരക്കാർ എത്തിപ്പെടാറുണ്ട്. എതിർലിംഗത്തിലുള്ളവരോട് താല്പര്യം തോന്നുന്നത് സ്വാഭാവികമാണെങ്കിലും പലപ്പോഴും ഇതിന്റെ അനന്തരഫലങ്ങൾ ഭയാനകമാവാറുണ്ട്. സോഷ്യൽ മീഡിയയുടെ വളർച്ചയും ഇതിനു വളക്കൂറുള്ള മണ്ണാകുന്നു.

സൈബർ സെക്സ് ,ഫോൺസെക്സ്, അശ്ലീല ചിത്രങ്ങൾ കാണുക, അശ്ലീല പുസ്തകങ്ങൾ വായിക്കുക, അശ്ലീല വീഡിയോകൾ ഉണ്ടാക്കുകയും കൈമാറുകയും ചെയ്യുക എന്നിങ്ങനെ കൗമാര ലൈംഗികതയുടെ മേച്ചിൽപ്പുറങ്ങൾ വിശാലമാണ്. പക്വതയെത്താത്ത മനസ്സിൽ ലൈംഗിക ഹോർമോണുകളുടെ വികൃതിയായി കൗമാര ലൈംഗികതയെ കാണാമെങ്കിലും അതിൽ ഒളിഞ്ഞിരിക്കുന്ന ചതിക്കുഴികൾ അവരെത്തന്നെ വിഴുങ്ങാൻ പാകത്തിനുള്ള താണ് .

ഇന്ത്യയിലോ ലോകത്ത് മുഴുവനായോ എത്ര കുട്ടികൾ ഇതുവരെ ഓൺലൈൻ ലൈംഗിക ചൂഷണത്തിന് ഇരയായിട്ടുണ്ടെന്നതു സംബന്ധിച്ച കൃത്യമായ ഒരു കണക്കും ലഭ്യമല്ല. International Association of Internet Hotline -ന്റെ കണക്കു പ്രകാരം കുട്ടികളുടെ അശ്ലീല ദൃശ്യങ്ങളുടെ കണക്ക് 2012-ൽ നിന്നും 2014 വരെയുള്ള കാലയളവിൽ 147 ശതമാനമാണ് വർദ്ധിച്ചിരിക്കുന്നത്.

ഇന്റർനെറ്റിൽ ലൈംഗിക സ്വഭാവമുള്ള ഫോട്ടോകളും സന്ദേശങ്ങളും അയക്കുന്നത് അപകടമാണ്. അവ നിങ്ങളാണ് അയച്ചതെന്നു മനസിലാക്കാനും നിയമപരമായ പ്രശ്നങ്ങളുണ്ടാക്കാനും കഴിയും എന്ന് മനസ്സിലാക്കുക. ഇത്തരം ഫോട്ടോകളും സന്ദേശങ്ങളും അയക്കുന്നതു മാത്രമല്ല ഫോർവേഡ് ചെയ്യുന്നതും കുറ്റകരമാണ്.

ലൈംഗികതയെ കുറിച്ചുള്ള നിങ്ങളുടെ സംശയങ്ങൾ ശാസ്ത്രീയമായി അറിവുള്ള ഡോക്ടർമാരുമായോ അമ്മമാരുമായോ കൗൺസിലർമാരുമായോ ചോദിച്ച മനസിലാക്കുക. ലൈംഗികത പ്രാഥമിക ആവശ്യങ്ങളിൽ ഒന്നാണ് എന്ന് മനസ്സിലാക്കുന്ന ഒരു കുടുംബ സാഹചര്യവും തുറന്ന ചർച്ചകളുള്ള parent child ബന്ധവും തുടങ്ങുന്നയിടത്ത് കൗമാര പ്രണയത്തിന്റെയും ലൈംഗികതയുടേയും ചതിക്കുഴികൾ ഇല്ലാതാകുന്നു.

.................................................................................................

# അദ്ധ്യാപനത്തിലെ വെല്ലുവിളികൾ

ഗിരിജാകുമാരി എൻ ആർ,HST

"ഈശ്വരനും ഗുരുവും എന്റെ മുന്നിൽ വന്നു നിന്നാൽ ഞാൻ ആദ്യം ഗുരുവിനെ നമസ്കരിക്കും എന്ന് ഭക്ത കവി തുളസീദാസ് പറഞ്ഞതിൽ നിന്നു. ഗുരുവിന്റെ സ്ഥാനം എത്ര വലുതാണന്ന് വ്യകതമാകുന്നു .അദ്ധ്യാപനം മഹത്തായ കർമ്മം തന്നെയാണ് .അതുകൊണ്ടാണ് ഗ്രീക്ക് തത്ത്വചിന്തകനായ അരിസ്റ്റോട്ടിൽ പറഞ്ഞത് രക്ഷിതാക്കളെക്കാൾ കൂടുതലായി ബഹുമാനിക്കേണ്ടത് അദ്ധ്യാപകരെയാണ് എന്ന് . രക്ഷിതാക്കൾ കുട്ടികൾക്ക് ജീവിതം നൽകുന്നു അദ്ധ്യാപകർ നന്നായി ജീവിക്കാനുള്ള കലയും. "ഗു വിനെ രോധനം ചെയ്യുന്നവൻ ഗുരു "എന്നു പറയുമ്പോൾ സമൂഹം അദ്ധ്യാപകൻ നൽകുന്ന ഉത്തരവാദിത്വം വളരെ വലുതാണ്

'അദ്ധ്യാപനം'എന്ന കർമ്മം കാലാനുസൃതമായി മാറ്റങ്ങൾക്ക് വിധേയവായിക്കൊണ്ടിരിക്കുന്നു. പഴയ കാലത്ത് ഇന്ത്യൻ വിദ്യാഭ്യാസരീതി പാശ്ചാത്യലോകത്തും ചർച്ചചെയ്യപ്പെട്ടിരുന്നു. പ്രകൃതിക്കനുക്കൂലമായ അദ്ധ്യാപനമായിരുന്നു ഇവിടെ നിലനിന്നുപോന്നത് .അതായത് ഗുരുകുലവിദ്യാഭ്യാസം .വനത്തിലെ വൃക്ഷച്ചുവടുകളായിരുന്നു വിദ്യാമന്ദിരങ്ങൾ. പ്രകൃതിയിൽനിന്നും ഉദാഹരണങ്ങൾ ചൂണ്ടി കാട്ടി പഠിപ്പിക്കുമ്പോൾ മനുഷ്യൻ പ്രകൃതിയുമായി അടുക്കുന്നു .

' ചിത്രം വട തരോ മൂലെ

വൃദ്ധാ: ശിഷ്യാ :ഗുരുർയുവാ

ഗുരോസ്തു മൗനം വ്യാഖ്യാനം '

ആൽമരച്ചുവട്ടിൽ വൃദ്ധരായ ശിഷ്യന്മാരും യുവവായ ഗുരുവും ഇരിക്കുന്നു . ഗുരുവിന്റെ വ്യാഖ്യാനം മൗനമാണ് . ഗുരുവിന്റെ മുഖത്തു നിന്നും ശിഷ്യൻ കാര്യങ്ങൾ വായിച്ചെടുത്തിരുന്നു . കൂടാതെ ഗുരുശിഷ്യ സംവാദവും നടന്നിരുന്നു . സംഭാഷണത്തേക്കാൾ നല്ല ഒരു ആശയ പ്രകാശന രീതിയില്ല . ലേഖന വിദ്യയ്ക്ക് പ്രസക്തിയില്ലായിരുന്നു .സംഭാഷണത്തിൽ കേൾക്കുന്ന വസ്തുത അത്ര വേഗം മറക്കാറില്ല. വക്താവിന്റെ മുഖഭാവം , വർണ്ണനയുടെ സ്വഭാവികത , വാമൊഴിയുടെ ഓജസ്സ് എന്നിവകാരണം പരസ്പര ഭാഷണം കൊണ്ടു ലഭിക്കുന്ന അറിവ് പ്രസംഗംകൊണ്ടു ലഭിക്കുന്നതിനേക്കാൾ ദൃഢതരമായിരിക്കും.നളന്ദ ,തക്ഷശില , ശാന്തിനികേതനം തുടങ്ങിയവ ഇത്തരത്തിലുള്ള സർവ്വകലാശാലകളായിരുന്നു .

19-ാം നൂറ്റാണ്ടിന്റെ അന്ത്യത്തിലാണ് അധുനിക രീതിയിലുള്ള വിദ്യാഭ്യാസം കേരളത്തിന്റെ മണ്ണിൽ വേരോടിത്തുടങ്ങിയത് .അതിനു മുൻപ് എഴുത്തുപള്ളികളും ,കളരികളും

നിലനിന്നുപോന്നു .കോളനി വാഴ്ച്ചയോടെ ആധുനിക വിദ്യാഭ്യാസത്തിന്റെ തുടക്കം കുറിച്ചു .ബോധന രീതിയിലും പരിവർത്തനം ഉണ്ടായി അദ്ധ്യാപക കേന്ദ്രിത സമ്പ്രദായത്തിൽ വിദ്യാർത്ഥി കേന്ദ്രനമായി മാറി .കുട്ടികൾ സ്വയം അന്വേഷിച്ചും കണ്ടെത്തിയും പരീക്ഷണങ്ങൾ നടത്തിയും പ്രവർത്തിച്ചും പഠിക്കുന്ന സമ്പ്രദായം നടപ്പായി .പഠനം വ്യക്തിനിഷ്ഠമായ അനുഷ്ഠാനം എന്നതിൽ നിന്ന് സാമൂഹിമാകയ പ്രക്രിയയായി വളർന്നു .Groups Study എന്ന ആശയം രൂപപ്പെട്ടു . അദ്ധ്യാപകൻ വിവരങ്ങൾ നൽകുന്ന ആളും കുട്ടി അത് സ്വീകരിക്കുന്ന ആളും എന്നതിൽ നിന്നു മാറി ചർച്ചകളിലൂടെയും സംവാദങ്ങളിലൂടെയും ആശയ വിനിമയം നടത്തി .കുട്ടിയുടെ അദ്യ്ദയകാംക്ഷിയും വഴികാട്ടിയും മാത്രമായി അദ്ധ്യാപകൻമാറുന്നു . കുട്ടികൾ വ്യത്യസ് അഭിരുചികൾ ഉള്ളവരായി മാറുന്നു .അതുകൊണ്ടുതന്നെ പഠന രീതിയും വ്യത്യസ്ഥാകുന്നു സങ്കേതിക വിദ്യയിലെ ഭാരമില്ലാതെ കുട്ടിക്ക് പാഠശാലയിൽ എത്താമെന്നായി .പാഠശാലകൾ അന്താരാഷ്ട്ര നിലവാരത്തിലെത്തിയപ്പോൾ വിജ്ഞാനം വിരൽത്തുമ്പിലായി .ക്ലാസ്സ്റൂമുകൾ സ്മാർട്ടായി . പുസ്തകങ്ങൾക്കു പകരം പ്രൊജക്ടറും ലാപ്ടോപ്പും പെൻഡ്രൈവും കുട്ടിയുടെ സന്തത സഹചാരികയായി .ദൃശ്യ ശ്രവ്യ സങ്കേതങ്ങളിലും **whatsapp note** കളിലും വിഹരിക്കുന്ന വിദ്യാർത്ഥി സമൂഹത്തിൽ **group** തല ചർച്ചകളിലും പ്രവർത്തനങ്ങളിലും താല്പര്യം കുറഞ്ഞു .അദ്ധ്യാപക വിദ്യർത്ഥി ബന്ധത്തിന്റെ ഊഷ്മളത കുറയുന്നില്ലേ? വിദ്യാർത്ഥിയുടെ പഠനശേഷിയ്ക്കുംപ്രവർത്തനക്ഷമതയ്ക്കും ന്യൂനത സംഭവിക്കുന്നില്ലേ? ഇതു തന്നെ അദ്ധ്യാപകനും സംഭവിക്കുന്നില്ലേ? ഗുരുശിഷ്യ സംവാദത്തിലൂടെ ഗുരുവും ശിഷ്യനും പരസ്പരം അറിയുകയും ശക്തമായ ഹൃദയബന്ധം രൂപപ്പെടുകയും ചെയ്യുന്നു .സാങ്കേതിക വിദ്യയിലൂടെയുള്ള അദ്ധ്യാപനത്തിൽഈബന്ധം തൃപ്തിപ്പെടുന്നില്ല.

മുലപ്പാൽ കൊടുക്കേണ്ട കുട്ടിയ്ക്ക് കുപ്പിപ്പാൽ കൊടുക്കുന്ന ഒരവസ്ഥ .ഏകാഗ്രതയും അച്ചടക്കവും കിട്ടാക്കനിയായി മാറുന്നു .

………………………………………………………………………………………

# MATHS MAGIC

15873 X 7 = 111111

15873 x 14 = 222222

15873 x 21 = 333333

15873 x 28 = 444444

15873 x 35 = 555555

15873 x 42 = 666666

15873 x 49 = 777777

15873 x 56 = 888888

15873 x 63 = 999999

By,

Ligina 7B.

# വരകളിലൂടെ.............










**Hanna Mariyam- 7B**








**LEKSHMI PRIYA**
**7 A**






PARVATHY
MANIKANDAN 7 B




Anuprabha VI A

*The End*